ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വർഷകാല സമ്മേളനം പൂർത്തിയാക്കി ലോക്സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ 2 മണിവരെ നിർത്തിവെച്ചു.

**Lok Sabha adjourned sine die after concluding monsoon session. Due to opposition protests, the Rajya Sabha has been adjourned until 2 PM.**

2. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. I.N.D.I.A സ്ഥാനാർത്ഥി സുപ്രീംകോടതി മുൻ ജഡ്ജി ബി.സുദർശൻ റെഡ്ഡി പത്രിക സമർപ്പിച്ചു.

**The deadline to file nominations for the 17th Vice Presidential election ends today. I.N.D.I.A. bloc Vice Presidential nominee, former Supreme Court Judge B Sudershan Reddy, today filed nomination at Parliament House.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ബിഹാർ, പശ്ചിമബംഗാൾ സന്ദർശനത്തിന് നാളെ തുടക്കം.

ഗയയിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

**Prime Minister Narendra Modi to visit Bihar and West Bengal tomorrow to launch multiple development projects.**

4. സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമെന്ന ചരിത്രനേട്ടത്തിൽ കേരളം. ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

**Kerala has achieved the historic milestone of becoming the first Indian state to attain complete digital literacy. The official announcement will be made by Chief Minister Pinarayi Vijayan today.**

5. ലക്ഷദ്വീപ് സീപ്ലെയിൻ സർവീസുകൾ അടുത്ത മാസം ആരംഭിക്കുമെന്ന് കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്.

**Lakshadweep seaplane services will begin from next month, says Cochin International Airport Limited.**

6. ഗാസ നഗരം നിയന്ത്രണത്തിലാക്കുന്നതിനുള്ള പ്രാരംഭ സൈനിക നടപടികൾ ആരംഭിച്ചതായി ഇസ്രായേൽ സൈന്യം.

**Israel says, it has taken first steps of military operation to capture and control Gaza city.**

&&&&&&&&&&&&&&&&&&

## HEADLINE-1

## PARLIAMENT

വർഷകാല സമ്മേളനം പൂർത്തിയാക്കി ലോക്സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ രണ്ട് മണി വരെ നിർത്തി വെച്ചിരിക്കുകയാണ്. ബിഹാർ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തിന് ഇത്തവണ നിരവധി തവണ ഇരുസഭകളും സാക്ഷ്യം വഹിച്ചു. ഓൺലൈൻ ഗെയിമിങ്ങ് ബിൽ, 130 ആം ഭരണഘടനാ ഭേദഗതി ബിൽ തുടങ്ങി സുപ്രധാന നിയമനിർമാണ നടപടികൾ വർഷകാല സമ്മേളനത്തിൽ നടന്നു.

&&&&&&&&&&&&&&&&&&

## HEADLINE-2

## VICE PRESIDENT

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. I.N.D.I.A സ്ഥാനാർത്ഥി, സുപ്രീംകോടതി മുൻ ജഡ്ജി ബി.സുദർശൻ റെഡ്ഡി പാർലമെന്റ് ഹൗസിലെത്തി പത്രിക സമർപ്പിച്ചു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, കോൺഗ്രസ് മുതിർന്ന നേതാവ് സോണിയ ഗാന്ധി ഉൾപ്പെടെയുള്ളവർ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. എൻഡിഎ സ്ഥാനാർത്ഥി സി.പി രാധാകൃഷ്ണൻ ഇന്നലെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. നാളെയാണ് സൂക്ഷ്മ പരിശോധന. രാജ്യത്തിന്റെ 17-ാമത് ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതിനുള്ള വോട്ടെടുപ്പും വോട്ടെണ്ണലും അടുത്തമാസം ഒൻപതിന് നടക്കും.

&&&&&&&&&&&&&&&&&&

## HEADLINE-3

## PM BIHAR BRIDGE

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ബിഹാറും പശ്ചിമബംഗാളും സന്ദർശിക്കും. ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. ഗംഗാ നദിക്ക് കുറുകെ രണ്ട് കിലോമീറ്റർ ദൈർഘ്യത്തിൽ നിർമിച്ച ആന്റ - സിമാരിയ ആറു വരി പാലം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. കൊൽക്കത്തയിൽ 5,200 കോടി രൂപയുടെ വികസന പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&&

## *ASHWINI VAISHNAW-SPECIAL TRAIN (INTRO)*

*ദീപാവലി, ഛഠ് ഉത്സവങ്ങൾക്ക് മുന്നോടിയായി 12,000 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഡൽഹി, ഗയ, അമൃത്സർ, ഛപ്ര, മുസാഫർപൂർ, ഹൈദരാബാദ് എന്നിവിടങ്ങളെ ബന്ധിപ്പിച്ച് നാല് പുതിയ അമൃത് ഭാരത് ട്രെയിനുകൾ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.*

*(വോയിസ്)*

&&&&&&&&&&&&&&&&&&

## EPFO-PAYROLL DATA

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ ഈ വർഷം ജൂണിൽ അംഗങ്ങളായത് 21.89 ലക്ഷം പേർ. 2018 ഏപ്രിലിന് ശേഷമുള്ള ഏറ്റവും ഉയർന്ന കണക്കാണിത്. ഈ മാസം ഇതുവരെ 10.62 ലക്ഷത്തോളം പുതിയ അംഗങ്ങൾ EPF ൽ ചേർന്നതായും തൊഴിൽ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. കഴിഞ്ഞ ജൂണിനെ അപേക്ഷിച്ച് 3.61 ശതമാനത്തിൻറെ വർധനയാണിത്.

&&&&&&&&&&&&&&&&&&

### J K: SOPs SAFETY STUDENTS

ജമ്മു കശ്മീരിൽ മോശം കാലാവസ്ഥയിൽ വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും സന്ദർശകരുടെയും സുരക്ഷ ഒരുക്കുന്നത് സംബന്ധിച്ച് സ്കൂൾ വിദ്യാഭ്യാസ ഡയറക്ടറേറ്റ് മാർഗ നിർദേശങ്ങൾ

പുറപ്പെടുവിച്ചു. ജലാശയങ്ങൾക്ക് സമീപമുള്ള സ്കൂളുകൾക്കുള്ള മുൻകരുതലുൾ എല്ലാ സ്ഥാപന മേധാവികളും കർശനമായി പാലിക്കണമെന്ന് നിർദ്ദേശമുണ്ട്. സ്കൂൾ പരിസരങ്ങളിൽ പതിവായി പരിശോധന നടത്താനും അപകട സാധ്യത തിരിച്ചറിഞ്ഞ് ഉടനടി പരിഹരിക്കണമെന്നും മാർഗനിർദേശത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&&

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

## UIDAI-STARLINK

ആധാർ അടിസ്ഥാനമാക്കിയുള്ള ഉപഭോക്തൃ പരിശോധന സുഗമമാക്കുന്നതിനായി യൂണിക് ഐഡൻറിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ ഉപഗ്രഹ അധിഷ്ഠിത ഇന്റർനെറ്റ് സേവന ദാതാവായ സ്റ്റാർലിങ്കുമായി സഹകരിച്ചു പ്രവർത്തിക്കുന്നതായി ഇലക്ട്രോണിക്സ്, ആൻഡ് ഐടി മന്ത്രാലയം. ആഗോള ഇൻറർനെറ്റ് ദാതാവായ സ്റ്റാർലിങ്കിന്റെ സേവനം ഇന്ത്യയുടെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിന്റെ വിശ്വാസ്യത തെളിയിക്കുന്നുവെന്ന് മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

## PALAKKAD RAILWAY DIVISION (INTRO)

***വനിതകൾക്ക് സുരക്ഷിത യാത്ര ഉറപ്പാക്കാനുള്ള പുതിയ പദ്ധതിക്ക് തുടക്കമിട്ട് പാലക്കാട് റയിൽവേ ഡിവിഷനിലെ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് ."മേരി സഹേലി" എന്ന പദ്ധതിക്കാണ് അഞ്ച് പ്രധാന സ്റ്റേഷനുകളിൽ തുടക്കം കുറിച്ചിരിക്കുന്നത്.***

***വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.....***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**HEADLINE-4**

## CM – DIGITAL KERALA

സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം. ഈ ചരിത്രനേട്ടത്തിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകുന്നേരം തിരുവനന്തപുരത്ത് നിർവഹിക്കും. ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംസ്ഥാന സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് ഡിജി-കേരളം. 21 ലക്ഷത്തി 87,667 പേരാണ് മൂല്യ നിർണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത നേടിയത്.

&&&&&&&&&&&&&&&&&&

**HEADLINE-5**

### LAKSHADWEEP – SEA PLANE

ലക്ഷദ്വീപ് സീപ്ലെയിൻ സർവീസുകൾ അടുത്ത മാസം ആരംഭിക്കുമെന്ന് കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികളും പരീക്ഷണ പറക്കലുകളും പല ഘട്ടങ്ങളായി പൂർത്തിയാക്കിയിരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ സ്പൈസ് ജെറ്റ് നടത്തുന്ന സീപ്ലെയിൻ സേവനത്തിന്റെ ഏകദേശ നിരക്ക് 12,000 രൂപയായിരിക്കും. UDAN പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ 2,000 മുതൽ 4,000

രൂപ വരെ നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാകുമെന്ന പ്രതീക്ഷിക്കുന്നതായി ലക്ഷദ്വീപ് തുറമുഖ വകുപ്പ് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**Wrestling Championship**

ബൾഗേറിയയിൽ നടന്ന അണ്ടർ-20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ഗുസ്തി താരം തപസ്യയ്ക്ക് സ്വർണ്ണ മെഡൽ. വനിതകളുടെ 57 കിലോഗ്രാം വിഭാഗം ഫൈനലിൽ നോർവേയുടെ ഫെലിസിറ്റാസ് ഡൊമജേവയെ 5-2 നാണ് തപസ്യ പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

**HEADLINE-6**

**ISRAEL-GHAZA (INTRO)**

*ഗാസ നഗരം പിടിച്ചെടുക്കാനും നിയന്ത്രിക്കാനുമുള്ള ആസൂത്രിതമായ ആക്രമണത്തിന്റെ ആദ്യ ഘട്ടങ്ങൾ ആരംഭിച്ചതായി ഇസ്രായേൽ സൈന്യം. പ്രദേശത്തെ നിയന്ത്രണം ഏറ്റെടുക്കാനുള്ള നീക്കത്തിന്റെ ഭാഗമാണ് നടപടി.*

*വിശദാംശങ്ങളുമായി ആകാശവാണി ദുബായ് ലേഖകൻ വിനോദ് കുമാർ...*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**SENSEX+GOLD**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 243 പോയിന്റ് ഉയർന്ന് 82,060 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 61 പോയിന്റ് നേട്ടത്തിൽ 25,111 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വില വർദ്ധിച്ചു. പവന് 400 രൂപ കൂടി 73,840 രൂപയും, ഗ്രാമിന് 9,230 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## MUMBAI , GUJRATH- WEATHER

മഹാരാഷ്ട്രയിൽ ഒരാഴ്ച നീണ്ടുനിന്ന കനത്ത മഴയ്ക്ക് ശേഷം, സംസ്ഥാനത്തുടനീളം കാലാവസ്ഥ മെച്ചപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മുംബൈ, താനെ, പാൽഘർ, റായ്ഗഡ്, രത്നഗിരി എന്നിവിടങ്ങളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. വ്യാപക മഴയെത്തുടർന്ന് 8 ലക്ഷം ഹെക്ടറിലധികം ഭൂമിയിലെ കാർഷിക വിളകൾ നശിച്ചതായാണ് റിപ്പോർട്ടുകൾ. അതേസമയം, ഗുജറാത്ത് മേഖലയിൽ ഇന്ന് അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## KHELO INDIA WATER SPORTS FESTIVAL

പ്രഥമ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിന് ജമ്മു കശ്മീരിലെ ദാൽ തടാകത്തിൽ ഇന്ന് തുടക്കം. മൂന്ന് ദിവസത്തെ ദേശീയ മത്സരത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 400-ലധികം കായിക താരങ്ങൾ പങ്കെടുക്കും. ഇന്ന് വൈകുന്നേരം നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി രക്ഷാ ഖഡ്സെ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## HAJJ

2026-ലെ ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവർ, ആദ്യ ഗഡുവായ ഒരു ലക്ഷത്തി അൻപത്തി രണ്ടായിരത്തി മുന്നൂറ് രൂപ അടക്കുന്നതിനുള്ള തീയതി ഈ മാസം 25 വരെ നീട്ടിയതായി കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. ഓൺലൈൻ ആയും പണമടക്കാം.

&&&&&&&&&&&&&&&&&&

## SABARIMALA

ചിങ്ങമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്രനട ഇന്ന് രാത്രി 10 ന് അടയ്ക്കും. പ്രതികൂല കാലാവസ്ഥയിലും വലിയ തിരക്കാണ് ശനിയാഴ്ച നട തുറന്ന മുതൽ സന്നിധാനത്ത് അനുഭവപ്പെടുന്നത്.

&&&&&&&&&&&&&&&&&

## KERALA STATE FILM ACADEMY

17-ാമത് കേരള അന്താരാഷ്ട്ര ഡോക്യുമെൻററി ഹ്രസ്വചിത്രമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. കൈരളി തിയേറ്ററിൽ മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം നിർവഹിക്കും. 'ഫ്രം ഗ്രൗണ്ട് സീറോ' ആണ് ഉദ്ഘാടന ചിത്രം. ആറുദിവസത്തെ മേളയിൽ 331 ചിത്രങ്ങൾ

പ്രദർശിപ്പിക്കും.

&&&&&&&&&&&&&&&&&

## KERALA CRICKET LEAGUE

കേരളത്തിന്റെ സ്വന്തം ക്രിക്കറ്റ് മാമാങ്കമായ കേരള ക്രിക്കറ്റ് ലീഗിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. വൈകുന്നേരം 6.30 ന് നടക്കുന്ന ഉദ്ഘാടനച്ചടങ്ങിൽ കെ.സി.എൽ ബ്രാൻഡ് അംബാസിഡർ മോഹൻലാൽ പങ്കെടുക്കും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഏരീസ് കൊല്ലം സെയിലേയ്സും കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസും തമ്മിലാണ് ഉദ്ഘാടന മത്സരം.

&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&